ഇളംകുളം സഹകരണ ബാങ്കിലെ അഴിമതി

164 (166) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സഹകരണ ബാങ്കിലെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് അന്വേഷണം നീണ്ടുപോകുന്നു എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മൂന്ന് വർഷം കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയാകാത്തതിന്റെ കാരണം എന്ത് ;

(ഡി) ഈ ബാങ്കിന്റെ ഉപസ്ഥാപനമായ കോട്ടയം ടൂറിസം സൊസൈറ്റിയിൽ നടന്ന അഴിമതിയെക്കുറിച്ച് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൽ ആരെല്ലാം പ്രതികളായിട്ടാണ് റിപ്പോർട്ട് നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇവരിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ ;

(ജി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്ത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ ഇളംകുളം, സഹകരണ ബാങ്കിലെ അഴിമതി സംബന്ധിച്ച് വി.സി. 6/98 കെ.റ്റി.എം. വി.സി. 4/2000 കെ.റ്റി.എം. എന്നീ നമ്പരുകളിലായി രണ്ട് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി-സി) നിരവധി സാക്ഷികളെ വിസ്തരിച്ച് മൊഴികൾ രേഖപ്പെടുത്തുവാനുള്ളതുകൊണ്ടും അനവധി റിക്കാർഡുകൾ പിടിച്ചെടുത്ത് പരിശോധിക്കേണ്ടതുകൊണ്ടും പല റിക്കാർഡുകളും കാലപ്പഴക്കം കൊണ്ട് കണ്ടെടുത്തു പരിശോധിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണ് അന്വേഷണത്തിന് കൂടുതൽ സമയം വേണ്ടി വരുന്നത്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കോട്ടയം ജില്ലാ ടൂറിസം വികസന സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു. ഈ കേസിന്റെ എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ കേസിൽ സ്വീകരിക്കേണ്ട അനന്തര നടപടിയെ സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോടതിയിൽ സമർപ്പിച്ച എഫ്.ഐ.ആർ. ലെ പ്രതികൾ താഴെപ്പറയുന്നവരാണ്.

1. ശ്രീ. പി. എ. മോഹനൻ കർത്ത, പ്രസിഡന്റ്, കോട്ടയം ജില്ലാ ടൂറിസം വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പൊൻകുന്നം.
2. ശ്രീ. കെ. സുരേഷ്, മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
3. ശ്രീ. എം. ഗോപിനാഥൻ നായർ, സെക്രട്ടറി, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
4. ശ്രീ. എം. എൻ. ഗംഗാധരൻ, ബ്രാഞ്ച് മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്.
5. ശ്രീ. പി. എൻ. പ്രഭാകരൻ, പല്ലേലിൽ വീട്, വിഴിക്കത്തോട്.
6. ശ്രീ. കെ. ജെ. തോമസ്, കൊല്ലം പറമ്പിൽ ഹൗസ്, കുട്ടിക്കൽ.
7. ശ്രീ. എൻ. റ്റി. ജോസഫ്, ഡയറക്ടർ ബോർഡംഗം.
8. ശ്രീ. എം. ജി. കൃഷ്ണൻ നായർ, ഡയറക്ടർ ബോർഡംഗം.
9. ശ്രീ. കെ. എ. ലംബ, ബ്രാഞ്ച് മാനേജർ, ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്, കൂരാളി.
10. ശ്രീ. ജോജി ജോസ്, ബ്രാഞ്ച് മാനേജർ.
11. ശ്രീ. എം. ആർ. സോമരാജൻ, മാപ്പിള പറമ്പിൽ, തുമ്പലക്കാട്, കാഞ്ഞിരപ്പള്ളി.

(എഫ്) മേൽപ്പറഞ്ഞ പ്രതികളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ജി) ട്രാപ്പ് കേസുകളിലെ പ്രതികളെ മാത്രമേ സാധാരണ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറസ്റ്റ് ചെയ്യാറുള്ളൂ. മറ്റു വിജിലൻസ് കേസുകളിലെ പ്രതികളെ അറസ്റ്റു ചെയ്യാറില്ല.

മുൻ മന്ത്രിമാർക്കെതിരെയുള്ള അഴിമതി അന്വേഷണം

165 (167) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-96 കാലയളവിൽ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലയളവിലെ എത്ര മന്ത്രിമാർക്കെതിരെയാണ് അഴിമതിയുടെയും മറ്റും പേരിൽ അന്വേഷണം നടക്കുന്നത് ; അവർ ആരൊക്കെയാണെന്നും അന്വേഷണവും തുടർ നടപടികളും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ബി) 1991-96 കാലയളവിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പേരിലാണ് അഴിമതിയുടേയും മറ്റ് സാമ്പത്തിക ക്രമക്കേടുകളുടേയും ഗവൺമെന്റിന് സാമ്പത്തിക നഷ്ടവും ബാദ്ധ്യതയും വരത്തക്കരീതിയിലുള്ള പ്രവർത്തനങ്ങളുടേയും പേരിൽ അന്വേഷണവും തുടർ നടപടികളും നടക്കുന്നുണ്ടെന്നും അവ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്നും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly